"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയം ഭരണ വകുപ്പ്- സംയോജിത നീർത്തട പരിപാലന പരാപാടിയുടെ പദ്ധതിയ്ക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രോട്ടോകോളിന് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നല്കി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം.101/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/08/2019

---

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 17/5/2018-ലെ 472/എസ്.എൽ.എൻ.എം2/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് 2010-11 മുതൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഇപ്പോഴത്തെ പി.എം.കെ.എസ്.വൈ.യുടെ നീർത്തടഘടകം) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ അനുവദിച്ചിട്ടുള്ള പ്രോജക്ടുകളുടെ കാലാവധി 7 വർഷമായതിനാൽ 2017-18 മുതൽ പ്രോജക്ടുകൾ അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. അതനുസരിച്ച് 2010-11- ൽ അനുവദിച്ചിട്ടുള്ള പ്രോജക്ടുകളുടെ കാലാവധി 2017-18 മാർച്ചിൽ പൂർത്തിയാവുകയാണെന്നും സംയോജിത നീർത്തടപരിപാലന പരിപാടിയുടെ 2008-ലെ കോമൺ ഗൈഡ് ലൈസൻസ് പ്രകാരം പദ്ധതിയോടനുബന്ധിച്ച് നീർത്തടങ്ങളിൽ നിർമ്മിച്ച ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ സംവിധാനം, നീർത്തട വികസന ഫണ്ടിന്റെ (ഡബ്ല്യൂഡി.എഫ്) വിനിയോഗം എന്നിവ സംബന്ധിച്ച് ഓരോ സംസ്ഥാനവും തനതായ ഒരു എക്സിറ്റ് പ്രോട്ടോകോൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും നീർത്തടപരിപാലന പദ്ധതി (ഇപ്പോഴത്തെ പി.എം.കെ.എസ്.വൈ.യുടെ നീർത്തടഘടകം)-ൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ സംരക്ഷണം, പരിപാലനം, നീർത്തട വികസന ഫണ്ടിന്റെ വിനിയോഗം എന്നിവയ്ക്കുവേണ്ടി എക്സിറ്റ് പ്രോട്ടോകോൾ തയ്യാറാക്കി 21.03.2018 ന് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് അനന്തര നടപടികൾക്ക് നല്കിയിട്ടുള്ളതായി പരാമർശം പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.03.2018 ന് പദ്ധതികളുടെ കാലാവധി അവസാനിക്കുന്നതിനാലാണ് അടിയന്തിരമായി എക്സിറ്റ് പ്രോട്ടോകോൾ നിർവ്വഹണ ഏജൻസികൾക്ക് നല്കിയതെന്നും ഈ സാഹചര്യത്തിൽ, എക്സിറ്റ് പ്രോട്ടോകോളിന് 21.03.2018 മുതൽ മുൻകാല പ്രാബല്യത്തോടെ അനുമതി നൽകുവാനും അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നീർത്തട പരിപാലന പദ്ധതി (ഇപ്പോഴത്തെ പി.എം.കെ.എസ്.വൈ.യുടെ നീർത്തട ഘടകം)-ൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ സംരക്ഷണം, പരിപാലനം, നീർത്തട വികസന ഫണ്ടിന്റെ വിനിയോഗം എന്നിവയ്ക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള എക്സിറ്റ് പ്രോട്ടോകോളിന് (ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) 21.03.2018 മുതൽ മുൻകാല പ്രാബല്യത്തോടെ അംഗീകാരം നല്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന - നീർത്തടഘടകം പദ്ധതികൾക്ക് വേണ്ടിയുള്ള Exit Protocol

ഐ.ഡബ്ല്യു.എം.പി. പദ്ധതിയോടനുബന്ധിച്ച് നീർത്തടങ്ങളിൽ നിർമ്മിച്ച ആസ്തികളൊക്കെത്തന്നെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ സംവിധാനം ഉറപ്പുവരുത്തുന്നതിനും നീർത്തട വികസന ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിതത്തിന്റെയും, സ്വയംസഹായ സംഘങ്ങൾക്കും JLG-കൾക്കും നൽകിയിട്ടുള്ള സീഡ് മണിയുടെയും വിനിയോഗം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ നൽകുന്നതിനുമായി താഴെ വിവരിക്കുന്ന പ്രോട്ടോക്കോൾ നിർദ്ദേശിക്കുന്നു.

I. **പ്രകൃതിവിഭവ പരിപാലന പ്രവൃത്തികൾ മുഖേന സൃഷ്ടിച്ച ആസ്തികൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുള്ള സംവിധാനം.**

ആസ്തികൾ പ്രധാനമായും 2 വിഭാഗത്തിൽപ്പെടുന്നു.

a. വ്യക്തികളുടെ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ

b. പൊതുഭൂമിയിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ

***വ്യക്തികളുടെ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ***

വ്യക്തികളുടെ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ സംരക്ഷണവും പരിപാലനവും ഗുണഭോക്താവായ വ്യക്തിയുടെ മാത്രം ഉത്തരവാദിത്തമാണ്. അതിന് വേണ്ടിവരുന്ന യാതൊരു സാമ്പത്തിക സഹായവും പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിൽ (PIA) നിന്നും നൽകുന്നതല്ല.

ഒരു വ്യക്തിയുടെ സ്വകാര്യ ഭൂമിയിൽ, ആ വ്യക്തിയോ അല്ലെങ്കിൽ ആ വ്യക്തി ഉൾപ്പെട്ട യൂസർ ഗ്രൂപ്പോ, നീർത്തട കമ്മറ്റിയുടെ സെക്രട്ടറിയുമായി Use Resource Agreement പ്രകാരം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ആ എഗ്രിമെന്റ് നിലനിൽക്കുന്ന കാലത്തോളം അത് പൊതു ആസ്തിയായി പരിഗണിച്ച് പരിപാലിക്കാവുന്നതാണ്. (യൂസ് റിസോഴ്സ് എഗ്രിമെന്റ് എന്നതു കൊണ്ട് വിവക്ഷിക്കുന്നത് ഒരു വ്യക്തിയുടെ സ്വകാര്യ ഭൂമിയിൽ സർക്കാർ ഫണ്ട് ഉപയോഗിച്ചു ആസ്തി നിർമ്മിക്കുമ്പോൾ ടി ആസ്തി പൊതുജനങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുന്നതിന് അനുവാദം നൽകുന്ന എഗ്രിമെന്റ് എന്നാണ്)

***പൊതുഭൂമിയിൽ സൃഷ്ടിച്ച ആസ്തികൾ***

പൊതുഭൂമിയിൽ ഐ.ഡബ്ല്യു.എം.പി. ഫണ്ടുപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ സംരക്ഷണവും പരിപാലനവും അതാത് നീർത്തട കമ്മിറ്റികളുടെ ഉത്തരവാദിത്വമാണ്. ഇതിനായി ഓരോ ചെറുനീർത്തടത്തിലും നിർമ്മിച്ച ആസ്തികളുടെ വിശദവിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ഓരോ ആസ്തിയുടെയും താഴെപറയുന്ന വിവരങ്ങളാണ് ശേഖരിക്കേണ്ടത്.

1. ആസ്തിയുടെ നമ്പർ/കോഡ്
2. ആസ്തിയുടെ സ്വഭാവം (കുളം/ചെക്ക് ഡാം/ പാർശ്വഭിത്തി സംരക്ഷണം മുതലായവ)
3. ആസ്തിയുടെ സ്ഥാനം സംബന്ധിച്ച വിവരങ്ങൾ
    1. പഞ്ചായത്ത്
    2. വാർഡ്
    3. സർവ്വേ നമ്പർ
    4. ജിയോ-കോർഡിനേറ്റ്സ്

4. എസ്റ്റിമേറ്റ് തുക
5. ചിലവഴിച്ച തുക
    1. ഐ.ഡബ്ല്യു.എം.പി. മുഖാന്തിരം
    2. കൺവേർജൻസ് മുഖാന്തിരം
    3. ആകെ
6. പൂർത്തീകരിച്ച തീയതി
7. നിലവിലുള്ള അവസ്ഥ
8. പ്രവൃത്തി ചെയ്ത യൂസർ ഗ്രൂപ്പിന്റെ കൺവീനറുടെ പേര്
9. ഗുണഭോക്തൃ വിഹിതമായി ശേഖരിക്കുകയും ഡബ്ല്യു.ഡി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്ത തുക
10. യൂസർ ചാർജ്ജായി ശേഖരിക്കുകയും ഡബ്ല്യു.ഡി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്ത തുക

ഓരോ നീർത്തടത്തിലും സൃഷ്ടിച്ച ആസ്തികൾ അതാത് നീർത്തട കമ്മിറ്റികൾക്ക് പി.ഐ.എ. ആയ ബ്ലോക്ക് പഞ്ചായത്ത് ഒരു ധാരണാ പത്ര പ്രകാരം ഔദ്യോഗികമായി കൈമാറേണ്ടതാണ്. (ധാരണാ പത്രത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.)

ഓരോ നീർത്തടത്തിലും നീർത്തട വികസന ഫണ്ട് (ഡബ്ല്യു.ഡി.എഫ്.)-ൽ ഗുണഭോക്തൃവിഹിതം/യൂസർ ചാർജ്ജ് നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വി.ഇ.ഒ യുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറേണ്ടതും ഒരു പ്രോജക്റ്റിന്റെ മൊത്തത്തിലുള്ള ടി ലിസ്റ്റ് രേഖപ്പെടുത്തിയ രജിസ്ട്രർ പി.ഐ.എ.-യായ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കേണ്ടതുമാണ്.

## പ്രകൃതി വിഭവ പരിപാലന സൊസൈറ്റി/Natural Resource Management Society (NRMS)

ഒരു പദ്ധതി പ്രദേശത്തെ നീർത്തട കമ്മിറ്റികളെ federate ചെയത് ബ്ലോക്ക് തലത്തിൽ ഒരു പ്രകൃതി വിഭവ പരിപാലന സൊസൈറ്റി (NRMS) Charitable endowment Act പ്രകാരം രൂപീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിലെ വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, എല്ലാ നീർത്തട കമ്മിറ്റികളുടെയും കൺവീനർമാർ, സെക്രട്ടറിമാരായ വി.ഇ.ഒ.-മാർ, യൂസർ ഗ്രൂപ്പിന്റെ കൺവീനർമാർ, പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ ഈ സൊസൈറ്റിയിലെ എക്സ്ഒഫിഷ്യോ അംഗങ്ങളായിരിക്കും. പി.ഐ.എ. ആയ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് ഈ സൊസൈറ്റിയുടെ എക്സ്ഒഫിഷ്യോ ചെയർമാനും, പദ്ധതി പ്രദേശത്ത് ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ഈ സൊസൈറ്റിയുടെ എക്സ്ഒഫിഷ്യോ വൈസ് ചെയർമാനും, PIA യായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഈ സൊസൈറ്റിയുടെ എക്സ്ഒഫിഷ്യോ സെക്രട്ടറിയും ആയിരിക്കും. ഈ സൊസൈറ്റിയ്ക്ക് വേണ്ടുന്ന സാങ്കേതിക സഹായം നൽകുന്നതിനായി പി.ഐ.എ. ആയ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറെ ഈ സൊസൈറ്റിയിൽ അംഗമാക്കേണ്ടതാണ്.

## Natural Resource Management Society Fund (NRMS Fund)

സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി, ഓരോ നീർത്തടത്തിലും ശേഖരിച്ചിട്ടുള്ള നീർത്തട വികസന ഫണ്ട് (ഡബ്ല്യു.ഡി.എഫ്.) തുക സ്വരൂപിച്ച് പി.ഐ.എ യായ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ NRMS ഫണ്ട് രൂപീകരിക്കേണ്ടതാണ്. NRMS സൊസൈറ്റിയുടെ എക്സ്ഒഫിഷ്യോ ചെയർമാനും എക്സ്ഒഫിഷ്യോ സെക്രട്ടറിയും സംയുക്തമായി ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ NRMS ഫണ്ടിനുവേണ്ടി ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഓരോ നീർത്തട കമ്മറ്റിയും അവരുടെ

ലഭ്യമായിട്ടുള്ള നീർത്തട വികസന ഫണ്ട് പൂർണ്ണമായും ഇനം തിരിച്ച് (WDF-ഉം തിരിച്ചടച്ച സീഡ് മണിയും ഉപ വരവുകളും) PIA ആയ ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതും ബ്ലോക്ക് പഞ്ചായത്ത് ആയത് NRMS ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. വരുന്ന വർഷങ്ങളിൽ നീർത്തട വികസന ഫണ്ടിൽ ശേഖരിക്കപ്പെടുന്ന യൂസർ ചാർജ്ജ്, ഗുണഭോക്തൃ വിഹിതം, സീഡ് മണി തിരിച്ചടവ് മുതലയാവ എല്ലാവർഷവും ഏപ്രിൽ മാസത്തിൽ ഇനം തിരിച്ചുള്ള പട്ടിക സഹിതം NRMS ഫണ്ടിൽ നിക്ഷേപിക്കുന്നതിലേക്കായി പി.ഐ.എ. ആയ ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതാണ്. നീർത്തട വികസന ഫണ്ടിൽ ശേഖരിച്ച/ശേഖരിക്കുന്ന മുകളിൽ സൂചിപ്പിച്ച ഇത്തരത്തിലുള്ള തുക കൈമാറുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് നീർത്തട കമ്മിറ്റികളുമായി ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതാണ്. ഈ അക്കൗണ്ടിന് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

ഓരോ നീർത്തട കമ്മിറ്റിയും അതാത് സാമ്പത്തിക വർഷം ഡബ്ല്യു.ഡി.എഫ്. ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തികളുടെ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതി പ്രദേശത്ത് സൃഷ്ടിച്ച ആസ്തികളുടെ (ധാരണാപത്ര പ്രകാരം നീർത്തട കമ്മിറ്റിയ്ക്ക് കൈമാറിയത്) അറ്റകുറ്റപ്പണികൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളു. സാധാരണ ഗതിയിൽ ഓരോ ആസ്തിയും സൃഷ്ടിച്ച് 5 വർഷം കഴിഞ്ഞ് മാത്രമേ അറ്റകുറ്റപ്പണികൾക്ക് പരിഗണിക്കാവൂ. പ്രകൃതി ദുരന്തങ്ങളോ അതുപോലെയുള്ള ആകസ്മിക സംഭവങ്ങൾ മൂലമോ ആസ്തികൾക്ക് നാശം സംഭവിക്കുകയാണെങ്കിൽ 5 വർഷത്തിനുമുമ്പും അറ്റകുറ്റപ്പണികൾക്ക് പരിഗണിക്കാവുന്നതാണ്.

വ്യക്തികളോ സ്ഥാപനങ്ങളോ ആസ്തികൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ വരുത്തുകയാണെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം കാരണക്കാരായ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും, ഏജൻസികൾക്കും ആയിരിക്കും.

ഇങ്ങനെ തയ്യാറാക്കുന്ന വാർഷിക കർമ്മ പദ്ധതി NRMS-ന് സമർപ്പിക്കേണ്ടതാണ്. പ്രോജക്ട് തലത്തിൽ വാർഷിക കർമ്മ പദ്ധതികൾ ക്രോഡീകരിച്ച് അംഗീകാരം നൽകേണ്ട ചുമതല പ്രകൃതി വിഭവ പരിപാലന സൊസൈറ്റി(NRMS)ക്കാണ്. NRMS അംഗീകാരം നൽകുന്ന വാർഷിക കർമ്മ പദ്ധതികൾക്ക് വേണ്ടിവരുന്ന തുക പദ്ധതി മാർഗ്ഗരേഖയ്ക്ക് വിധേയമായി നീർത്തട കമ്മിറ്റികൾക്ക് കൈമാറേണ്ടതും, നീർത്തട കമ്മിറ്റി ഈ തുക പ്രവൃത്തി ഏറ്റെടുത്തു നടത്തുന്ന ബന്ധപ്പെട്ട യൂസർ ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും ഒരു പകർപ്പ് NRMS ന് നൽകേണ്ടതുമാണ്.

NRMS ഫണ്ട് വിനിയോഗം സംബന്ധിച്ച് ഇനിപറയുന്ന register-കൾ PIA ആയ ബ്ലോക്ക് പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ടതാണ്.

a. ആസ്തികളുടെ രജിസ്ട്രർ
b. കാഷ് ബുക്ക്
c. NRMS ഫണ്ട് വിനിയോഗ രജിസ്ട്രർ
d. Work Register – ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ.
e. സീഡ് മണി ഫണ്ട് വിനിയോഗ രജിസ്ട്രർ

## II. നീർത്തട വികസന ഫണ്ട് (ഡബ്ല്യു.ഡി.എഫ്.)

നീർത്തട കമ്മിറ്റിയുടെ കൺവീനറുടെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത നീർത്തട വികസന ഫണ്ട് അക്കൗണ്ട് നിലനിൽക്കുന്നുണ്ട്. പദ്ധതി പ്രകാരം നിർമ്മിക്കപ്പെട്ട പൊതു ആസ്തികൾ കാലാവധിക്കു ശേഷവും പരിപാലിക്കുന്നതിനുവേണ്ടിയാണ് നീർത്തട വികസന ഫണ്ടിനു കേന്ദ്രസർക്കാർ രൂപം കൊടുത്തിട്ടുള്ളത് ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്ന തുകയും, സ്വയം സഹായ സംഘങ്ങൾക്ക്/

JLG-കൾക്ക് നൽകിയ സീഡ് മണിയുടെ തിരിച്ചടവ് തുകയുമാണ് നീർത്തട വികസന ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത്.

താഴെപ്പറയുന്ന തരം പ്രവൃത്തികളുടെ ഗുണഭോക്താക്കളിൽ നിന്നുമാണ് ഗുണഭോക്തൃ വിഹിതം ഈടാക്കി നീർത്തട വികസന ഫണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുള്ളത്.

- ➢ സ്വകാര്യ ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രകൃതിവിഭവ പരിപാലന പ്രവർത്തികളുടെ ഭാഗമായി ശേഖരിച്ച ഗുണഭോക്തൃ വിഹിതം. (പൊതു വിഭാഗം 10%. പട്ടിക ജാതി-പട്ടിക വർഗ്ഗം. ചെറുകിട നാമമാത്രകർഷകർ 5%)
- ➢ ഉല്പാദന സമ്പ്രദായം (Production System) മെച്ചപ്പെടുത്തുന്നതിന് ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച ഗുണഭോക്തൃ വിഹിതം. (പൊതു വിഭാഗം 20%. പട്ടികജാതി/പട്ടികവർഗ്ഗം 10%)
- ➢ നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്കുമാത്രമായി നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രവൃത്തികൾ പൊതുഭൂമിയിലോ/നിലവിലുള്ള പൊതു ആസ്തികളിലോ ഏറ്റെടുക്കുമ്പോൾ ശേഖരിക്കുന്ന യൂസർ ചാർജ്ജ് (പരമാവധി 5%)

നീർത്തട വികസന ഫണ്ടിൽ നിലവിൽ ശേഖരിക്കപ്പെട്ടിട്ടുള്ള വിവിധ ഇനങ്ങളിൽപ്പെട്ട തുകയും തുടർവർഷങ്ങളിൽ ശേഖരിക്കപ്പെടുന്ന വിവിധ ഇനങ്ങളിൽപ്പെട്ട തുകയും പി.ഐ.എ.യായ ബ്ലോക്ക് പഞ്ചായത്തുമായി നീർത്തടകമ്മിറ്റി ഏർപ്പെടുന്ന ധാരാണാപത്രത്തിന്റെ അടിസ്ഥാനത്തിൽ NRMS ഫണ്ടിൽ നിക്ഷേപിക്കുന്നതിനുവേണ്ടി എല്ലാ ഏപ്രിൽ മാസത്തിലും പി.ഐ.എ.-യായ ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതാണ്.

നീർത്തട കമ്മിറ്റി ധാരണാപത്ര പ്രകാരം പി.ഐ.എ.-യായ ബ്ലോക്ക് പഞ്ചായത്തിന് ഡബ്ല്യു.ഡി.എഫ്. തുക കൈമാറിക്കഴിഞ്ഞാൽ പിന്നെ നീർത്തട കമ്മിറ്റി അതിന്റേതായ നിലയിൽ ധനവിനിയോഗം നടത്തുവാൻ പാടുള്ളതല്ല.

നീർത്തട വികസന ഫണ്ട് അക്കൗണ്ടിൽ നിന്നും ശേഖരിച്ച തുക പി.ഐ.എ.-യുടെ NRMS ഫണ്ടിൽ കൈമാറിയാലും അക്കൗണ്ട് നിലനിർത്തേണ്ടത് അനിവാര്യമാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വഴി യൂസർ ചാർജ്ജ്. ഗുണഭോക്തൃ വിഹിതം. സീഡ് മണി തിരിച്ചടവ് മുതലായവ നീർത്തട വികസന ഫണ്ട് അക്കൗണ്ടിൽ തന്നെയാണ് നിക്ഷേപിക്കേണ്ടതും തുടർന്ന് ഏപ്രിൽ മാസത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്.

**III. സ്വയം സഹായ സംഘങ്ങൾക്ക്/JLG-കൾക്ക് പദ്ധതിയിൽ നിന്നും നൽകിയിട്ടുള്ള സീഡ് മണിയുടെ തിരിച്ചടവ് തുകയുടെ വിനിയോഗം.**

ഈ തുകയുടെ വിനിയോഗം തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പിന്റെ 27.01.2014-ാം തിയതിയിലെ സ.ഉ. (സാധാ). നം. 243/14/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പ്രവർത്തന മാർഗ്ഗരേഖക്കനുസൃതമായി വിനിയോഗിക്കേണ്ടതാണ്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നീർത്തട വികസന സൊസൈറ്റിയുടെ ശുപാർശ സഹിതം നീർത്തട കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ ബ്ലോക്ക് പഞ്ചായത്തിൽ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കി. അർഹതപ്പെട്ട JLG-കൾക്ക് നീർത്തട കമ്മറ്റി മുഖേന NRMS ഫണ്ടിൽ നിന്നും ധനസഹായമായി പരമാവധി 25,000/- രൂപ നൽകുന്നതാണ്.

(ഒപ്പ്)

ഗ്രാമവികസന കമ്മീഷണർ